## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1565 | 06.03.2017-ൽ മറുപടിയ്ക്ക് |
|---|---|
| **കേരള സുസ്ഥിര നഗര വികസന പദ്ധതി** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ.എ. പ്രദീപ്കുമാർ** | **ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |

(എ) കേരള സുസ്ഥിര നഗര വികസന പദ്ധതി പ്രകാരം കോഴിക്കോട് കോർപ്പറേഷൻ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും, ചെലവഴിച്ച തുകയും വിശദമാക്കുമോ;

(എ) കോഴിക്കോട് കോർപ്പറേഷനിൽ നടപ്പിലാക്കിയ പദ്ധതികളുടെ സംക്ഷിപ്ത വിവരണം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ചെലവാക്കിയ തുക |
|---|---|---|
| 1 | സ്വീവറേജ് & സാനിറ്റേഷൻ | 16,38,92,283.00 |
| 2 | ഖര മാലിന്യ സംസ്കരണം | 7,59,43,922.00 |
| 3 | അർബൻ റോഡ് ട്രാൻസ് പോർട്ട് | 37,70,57,439.00 |
| 4 | മഴവെള്ള നിവാരണ പദ്ധതി | 18,20,44,341.00 |
| 5 | കമ്മ്യൂണിറ്റി ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് | 15,19,06,891.00 |
| 6 | പോവാർട്ടി സോഷ്യൽ ഫണ്ട് | 1,28,25,912.00 |
| 7 | ലോ കോസ്റ്റ് സാനിറ്റേഷൻ | 12,67,000.00 |
| | ആകെ | 96,49,37,788.00 |

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ഏതെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങളും വിശദമാക്കുമോ?

(ബി) കോഴിക്കോട് കോർപറേഷനിൽ കെ.എസ്.യു.ഡി.പി പദ്ധതി പ്രകാരം നടപ്പിലാക്കാനുദ്ദേശിച്ചിരുന്ന സീവറേജ് പദ്ധതിയാണ് പൂർത്തീകരിക്കാൻ സാധിക്കാതിരുന്നത്.ഈ പദ്ധതിയിൽ മൂന്നു പാക്കേജുകളാണ് ഉണ്ടായിരുന്നത്(KZD-SS-02A,KZD-SS-02B.KZD-SS-03B). ഇതിൽ ആദ്യത്തെ രണ്ടു പാക്കേജുകളുടെയും പണി ഏകദേശം 20% മാത്രം പൂർത്തിയായിട്ടുണ്ട്. ആകെ കരാർ തുകയായ 63.85 ലക്ഷം രൂപയിൽ 11.74 കോടി രൂപയാണ് ചെലവാക്കിയത്. ഈ രണ്ടു പാക്കേജിലും ഉൾപ്പെട്ടത് സീവറേജ് പമ്പിങ് സ്റ്റേഷൻ,ലിഫ്റ്റിങ് സ്റ്റേഷൻ,പമ്പിങ് മെയിൻ,സീവറേജ് നെറ്റ് വർക്ക് എന്നിവയാണ്.മൊത്തം രണ്ടു പമ്പിങ് സ്റ്റേഷൻ, അഞ്ചു ലിഫ്റ്റിങ് സ്റ്റേഷൻ എന്നിവയിൽ 2 എണ്ണത്തിന് മാത്രമേ സ്ഥലം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഇതിൽ ഒരു ലിഫ്റ്റിങ് സ്റ്റേഷൻ 70% പൂർത്തിയായി. പമ്പിങ് സ്റ്റേഷൻ 90% പണി പൂർത്തിയായി.മൂന്നാമത്തെ സ്ഥലം 9/2015 ൽ മാത്രമാണ് കൈമാറാനായത്. ബാക്കി 4 സ്ഥലങ്ങൾ കോർപറേഷന് കൈമാറിയിട്ടില്ല.

| | | | |
|---|---|---|---|
| | | | ഇതോടൊപ്പം കരാറുകാരന്റെ സ്ലോ പ്രോഗ്രസ്സ് കൂടി ആയതു കാരണം പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. മൂന്നാമത്തെ പാക്കേജ് ആയ KZD- SS-03B എന്നത് കോഴിക്കോട് കോർപറേഷനിൽ കരിമ്പനപ്പാലത്ത് സരോവരത്ത് നിർമ്മിക്കുന്ന 13.5MLD STP പ്ലാന്റ് ആണ്. 10-08-2016 ൽ തുടങ്ങിയ ഈ പ്രവർത്തിയുടെ ഡിസൈൻ വർക്ക് എസ്കവേഷൻ വർക്ക്, ചുറ്റുമതിൽ നിർമ്മാണം എന്നിവ പൂർത്തിയായിക്കൊണ്ടിരിക്കുന്ന അവസരത്തിൽ 18-12-2015 ന് നാഷണൽ ഗ്രീൻ ട്രിബ്യൂണൽ,ചെന്നൈ പ്രസ്തുത പ്രവൃത്തി സ്റ്റേ ചെയ്തു. നാളിതുവരെ സ്റ്റേ നീക്കിയിട്ടില്ല. മൊത്തം 29.08 കോടി രൂപയിൽ 4.41 കോടി രൂപ മാത്രമാണ് ചെലവാക്കിയത്. 30.06.2016 ന് ADB ലോൺ കാലാവധി അവസാനിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ